| | |
|---|---|
| **പതിമൂന്നാം കേരള നിയമസഭ** | |
| **പതിനൊന്നാം സമ്മേളനം** | |
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7550 | 14.07.2014-ൽ മറുപടിക്ക് |
| **വിധവകളായ നിർദ്ധന യുവതികൾക്ക് ധനസഹായം** | |
| ചോദ്യം | ഉത്തരം |
| ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.ആർ. സെൽവരാജ്<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.പി.എ.മാധവൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | വിധവകളായ നിർദ്ധന യുവതികൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വിധവകളായ നിർദ്ധന യുവതികൾക്ക് പുനർവിവാഹം നടത്തുന്നതിന് 25,000/- രൂപ ധനസഹായമായി നൽകുന്ന മംഗല്യ പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. കൂടാതെ വിധവാ പെൻഷൻ, പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം എന്നിവയും നൽകി വരുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | വിധവകൾക്ക് കഴിവും പ്രാപ്തിയും സാമ്പത്തിക നിലയുമുള്ള അവസരത്തിൽ സംരക്ഷകർ ഉണ്ടായിരിക്കുകയും എന്നാൽ അവസാനനാളുകളിൽ ആരും സംരക്ഷിക്കാനില്ലാത്ത അവസ്ഥയുണ്ടാകുകയും ചെയ്യുന്നത് ഒഴിവാക്കുന്നതിനുമാണ് വിധവ പുനർ വിവാഹ പ്രോത്സാഹന പദ്ധതി (മംഗല്യ) നടപ്പിലാക്കുന്നത്. |
| (സി) | പദ്ധതി നടത്തിപ്പിനുള്ള ധനസമാഹരണം എങ്ങനെനടത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | മംഗല്യ പദ്ധതിക്കുള്ള തുക സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുകയാണ് ചെയ്യുന്നത്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | വിധവ പുനർവിവാഹത്തിനു വേണ്ടിയുള്ള അപേക്ഷകർക്ക് ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ വഴി ധനസഹായം നൽകുന്നു. |

സെക്ഷൻ ഓഫീസർ